കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 21, തിങ്കൾ

LIBRARY ARCHIVES Kerala Legislative Assembly

വാല്യം 145] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2011 ഫെബ്രുവരി മാസം 21-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ... ഓർഡർ .....ചോദ്യം നമ്പർ - 211

മെഡിക്കൽ കോളേജുകളുടെ ആധുനികവൽക്കരണം

1 (*211) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എ. പ്രദീപ്കുമാർ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനായി ഓരോ മെഡിക്കൽ കോളേജിനുംവേണ്ടി എത്ര കോടി രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) എല്ലാ മെഡിക്കൽ കോളേജുകളിലും എം.ആർ.ഐ.സ്കാൻ സംവിധാനവും സി.ടി.സ്കാൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുസരിച്ച് എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട് ;

(ഇ) അത്യാധുനിക ഉപകരണങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ,

(എ & ബി) കേരളത്തിലെ 5 ഗവൺമെന്റ് മെഡിക്കൽ കോളേജുകളും അതിനോടനുബന്ധിച്ചുള്ള ആശുപത്രികളും 5 വർഷംകൊണ്ട് മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഭൗതിക സൗകര്യത്തിന്റെ കാര്യത്തിലും അക്കാഡമിക് നിലവാരത്തിന്റെ കാര്യത്തിലും സർവ്വോപരി ചികിത്സാ സൗകര്യങ്ങളുടെ കാര്യത്തിലും ഈ ആധുനിക കാലഘട്ടത്തിൽ അവശ്യം വേണ്ടുന്ന മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലും ഇന്ത്യയിലും ഏതൊരു പ്രൈവറ്റ്/സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലും ലഭ്യമാകുന്ന നൂതനമായ എല്ലാ ചികിത്സാ സൗകര്യങ്ങളും അതിനുവേണ്ടുന്ന ആധുനിക ഉപകരണങ്ങളും കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ഇന്ന് ലഭ്യമാണ്.

മെഡിക്കൽ കോളേജുകളുടെയും ആശുപത്രികളുടെയും ആധുനീകരണത്തിനും നവീകരണത്തിനും, പുതിയ കെട്ടിടങ്ങളും ഹോസ്റ്റലുകളും പണിയുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുംകൂടി 800-ഓളം കോടി രൂപ 5 മെഡിക്കൽ കോളേജുകളിലായി കഴിഞ്ഞ 2006 മേയ് മാസത്തിനുശേഷം ചെലവഴിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ കോഴിക്കോടും കോട്ടയത്തും ആലപ്പുഴയിലും 'സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്' ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാൻ ഈ കാലയളവിലാണ് നടപടിയുണ്ടായത്. 5 മെഡിക്കൽ കോളേജുകളിലായി താഴെപ്പറയുന്ന രീതിയിൽ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു.

തിരുവനന്തപുരം മെഡിക്കൽകോളേജ് :- ജീവൻ രക്ഷിക്കാനുള്ള വെന്റിലേറ്റർ 2006 വരെ ഐ.സി.യു.വിൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതും പത്തിൽതാഴെ മാത്രമായിരുന്നു. ഇപ്പോൾ എല്ലാ ഡിപ്പാർട്ടുമെന്റിലും ആദ്യമായി കാഷ്വാലിറ്റിയിൽ സ്ഥാപിച്ച 2 വെന്റിലേറ്റർ ഉൾപ്പെടെ ഇപ്പോൾ 35 വെന്റിലേറ്റർ പ്രവർത്തിച്ചുവരുന്നു. രണ്ട് സി.ടി.സ്കാൻ പ്രവർത്തിക്കുന്നു. ഒരെണ്ണം ഏറ്റവും ആധുനികമായ 128 Slice CT Scan ആണ്. രണ്ട് കാത്ത് ലാബ്, സ്തനാർബുദം കണ്ടുപിടിക്കാനുള്ള 'മാമോഗ്രാം' എന്നിവയും ലഭ്യമാക്കി. 2006-ന് മുമ്പ് 4 ഡയാലിസിസ് മെഷീൻ ഉണ്ടായിരുന്നത് ഇപ്പോൾ 14 എണ്ണമായി, സെൻട്രലൈസ്ഡ് എ.സി.യുള്ള സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 8 അത്യാധുനിക മോഡുലാർ ഓപ്പറേഷൻ തീയേറ്ററുകൾ, നൂതന സംവിധാനങ്ങളോടുകൂടിയ 22 ഐ.സി.യു. എന്നിവ ഏർപ്പെടുത്തി. അതിനുള്ള മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താനും കഴിഞ്ഞു. എസ്.എ.ടി.യിൽ ലൈഫ് സപ്പോർട്ട് ഉപകരണങ്ങളോടുകൂടിയ Neo natal nursery, Inborn Nursery, Out born Nursery എന്നിവയും വന്ധ്യതയ്ക്കുള്ള ഏറ്റവും നൂതനമായി ചികിത്സ ലഭ്യമായിട്ടുള്ള Infertility Treatment Unit -ഉം ആരംഭിച്ചു. തിരുവനന്തപുരം മെഡിക്കൽകോളേജിൽ മാത്രം ഏകദേശം 100 കോടി രൂപയുടെ ഉപകരണങ്ങൾ 5 കൊല്ലം കൊണ്ട് ലഭ്യമാക്കാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മെഡിക്കൽകോളേജ്:- കോഴിക്കോട് മെഡിക്കൽകോളേജിൽ, ഐ.എം.സി.എച്ചിൽ ഉൾപ്പെടെ 2006-ൽ 7 വെന്റിലേറ്റർ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 29 വെന്റിലേറ്ററുകൾ ലഭ്യമാണ്. എം.ആർ.ഐ., പുതിയ സി.ടി. സ്കാൻ മുതലായ സംവിധാനങ്ങൾ ലഭ്യമാക്കിയതിലൂടെ രോഗനിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കി. ഡയാലിസിസ് മെഷീനുകളുടെ എണ്ണം 3-ൽ നിന്ന് 17 ആയി വർദ്ധിച്ചു. റേഡിയോ തെറാപ്പി സിമുലേറ്റർ, Digital Subtraction Angiography, Harmonic Scalpel, Colour Doppler, Laproscopic Surgery Equipments, Digital X-ray Machine, പുതിയ ടി.എം.ടി. മെഷീൻ, Anaesthesia Work Station, നെഞ്ചുരോഗ വിഭാഗത്തിൽ പുതിയ Bronchoscope തൊറോക്കോ സ്കോപ്പ്, ഡി.എൽ.സി.ഒ.സ്ലീപ്പ് ലബോറട്ടറി, എന്നീ ഉപകരണങ്ങൾ ലഭ്യമാക്കി. ഓർത്തോവിൽ C-Arm, യുറോളജി വിഭാഗത്തിൽ ശസ്ത്രക്രിയ കൂടാതെ വൃക്കയിലെ കല്ലുനീക്കുന്നതിനുള്ള Shockwave Lithotripsy Operating Microscope, പുതിയ കാത്ത് ലാബ് തുടങ്ങിയ അത്യാധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ലഭ്യമാക്കി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ ഒരു കോടി രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കിയതുകൂടാതെ ഐ.എം.സി.എച്ചിൽ ന്യൂബോൺ ഐ.സി.യു, ഫോട്ടോതെറാപ്പി മെഷീൻ എന്നീ ഉപകരണങ്ങളും ലഭ്യമാക്കി. മേൽപ്പറഞ്ഞ ഉപകരണങ്ങൾ ഉൾപ്പെടെ ഏകദേശം 50 കോടിരൂപയുടെ ഉപകരണങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഈ ഗവൺമെന്റിന്റെ കാലയളവിൽ ലഭ്യമാക്കിയിട്ടുണ്ട്.

കോട്ടയം മെഡിക്കൽകോളേജ്:- 2006-ന് മുമ്പ് 6 വെന്റിലേറ്ററുകൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ 23 വെന്റിലേറ്ററുകൾ ലഭ്യമാണ്. സി.ടി.സ്കാൻ, എം.ആർ.ഐ.സ്കാൻ എന്നിവ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സ്ഥാപിച്ചു. ക്യാൻസർ ചികിൽസാ രംഗത്ത് ഏറ്റവും നൂതനമായ ലീനിയർ ആക്സിലറേറ്റർ 9 കോടി രൂപ ചെലവിൽ കോട്ടയം മെഡിക്കൽ കോളേജിൽ സ്ഥാപിച്ചു. കൂടാതെ Tele Cabalt Machine, Simulator, HDR എന്നീ ആധുനിക ക്യാൻസർ ചികിൽസാ ഉപകരണങ്ങൾ ലഭ്യമാക്കി. ഹൃദയ ചികിൽസാ രംഗത്ത് പുതിയ കാത്ത്ലാബ്, Heart Lung Machine എന്നിവ ലഭ്യമാക്കിയത് കൂടാതെ കാർഡിയോ തൊറാസിക് യൂണിറ്റിന്റെ കെട്ടിട നിർമ്മാണവും പൂർത്തിയായിവരുന്നു. ഇതുകൂടാതെ പുതിയ സി.ടി.സ്കാൻ Ultra Sound Scanner തുടങ്ങിയ ഉപകരണങ്ങളുൾപ്പെടെ ഏകദേശം 45 കോടിയോളം രൂപയുടെ ഉപകരണങ്ങൾ കോട്ടയം മെഡിക്കൽ കോളേജിൽ ലഭ്യമാക്കി.

ആലപ്പുഴ മെഡിക്കൽകോളേജ് :- 200 കോടിയോളം രൂപ ചെലവഴിച്ച് ആലപ്പുഴ മെഡിക്കൽകോളേജ് പൂർണ്ണമായും വണ്ടാനത്തേക്ക് മാറ്റി. 1989 മുതൽ 2006 വരെയുള്ള 17 വർഷത്തിനുള്ളിൽ കേവലം 18 കോടി രൂപ മാത്രം ചെലവഴിച്ചിടത്ത് 5 വർഷം കൊണ്ട് 200 കോടിയിൽപ്പരം രൂപ ചെലവഴിച്ചു. 12 ആധുനിക ഓപ്പറേഷൻ തീയേറ്റർ, എം.ആർ.ഐ. സ്കാൻ, സി.ടി.സ്കാൻ, കാത്ത് ലാബ് എന്നിവ ഉൾപ്പെടെ ഒട്ടേറെ ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാത്ത്ലാബിനുവേണ്ടിമാത്രം 26 തസ്തികകൾ സൃഷ്ടിച്ചു.

കാർഡിയോതൊറാസിക് യൂണിറ്റിനുള്ള ഉപകരണങ്ങൾ വാങ്ങി. 2006-ന് മുമ്പ് 2 വെന്റിലേറ്ററുകൾ മാത്രമുണ്ടായിരുന്നിടത്ത് ഇന്ന് 14 വെന്റിലേറ്റർ ആലപ്പുഴ മെഡിക്കൽ കോളേജിൽ ലഭ്യമാണ്. മുമ്പ് സർജറി ഐ.സി.യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നില്ല. എന്നാൽ ഇപ്പോൾ സർജറി, ന്യൂറോ, പീഡിയാട്രിക് സർജറി ഐ.സി. യൂണിറ്റുകൾ എന്നിവ അത്യാധുനിക സംവിധാനങ്ങളോടെ പ്രവർത്തിക്കുന്നു. കേരളത്തിലെ ഏറ്റവും നല്ല ബ്ലഡ്ബാങ്ക് ഇവിടെ .2009-ൽ പ്രവർത്തനം ആരംഭിച്ചു. C-arm Machine, Doppler Ultra Sound Machine, Echo Cardiogram, Video EEG, മുതലായ ഉപകരണങ്ങൾ ഇപ്പോൾ ഈ ആശുപത്രിയിൽ ലഭ്യമാണ്. ട്രോമാകെയർ യൂണിറ്റിന് ഒരു കോടി രൂപയുടെ ഉപകരണങ്ങൾ വാങ്ങി. Central Suction, Central Oxygen, Incubator, Photo Therapy Unit, എന്നീ സംവിധാനങ്ങളോടുകൂടിയ Neo Natal നേഴ്സറി പുതിയ തീയേറ്റർ കോംപ്ലക്സിൽ ലഭ്യമാക്കി. ലാബ് പരിശോധനയ്ക്കുള്ള 6 സെ. മീ ഓട്ടോമാറ്റിക് അനലൈസറുകൾ 2008-ൽ സ്ഥാപിച്ച ഇൻവെസ്റ്റിഗേഷൻ ബ്ലോക്കിൽ ലഭ്യമാക്കി. മൊത്തം 25 കോടി രൂപയുടെ ഉപകരണങ്ങൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ ലഭ്യമാക്കിയിട്ടുണ്ട്.

തൃശ്ശൂർ മെഡിക്കൽകോളേജ്:- തൃശ്ശൂർ മെഡിക്കൽ കോളേജിൽ എം.ആർ.ഐ., സി.ടി. സ്കാൻ മെഷീനുകൾ ലഭ്യമാക്കിയതുകൂടാതെ ക്യാൻസർ ചികിൽസയ്ക്കുള്ള Brachy Therapy Unit, Physical Medicine Unit-നുവേണ്ടിയുള്ള ആധുനിക ഉപകരണങ്ങൾ, ന്യൂറോസർജറി വിഭാഗത്തിനുള്ള Operating Microscope മുതലായവ ലഭ്യമാക്കി. Ophthalmology വിഭാഗത്തിൽ Fundus Flouroscopic Angiography, Spectral OCT എന്നീ ആധുനിക ഉപകരണങ്ങളോടുകൂടി റെറ്റീനാ ക്ലീനിക് സ്ഥാപിച്ചു. മേൽപ്പറഞ്ഞ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായി 25 കോടി രൂപ ഇവിടെയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മെഡിക്കൽ കോളേജുകൾക്കായി 13-ാം ധനകാര്യകമ്മീഷൻ അവാർഡിന് 74.75 കോടി രൂപയ്ക്കുള്ള ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. മൊത്തം 196.4 കോടി രൂപയാണ്.

(ഇ) ഈ സാമ്പത്തിക വർഷം 48 കോടി രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. എൻ. വാസവൻ: സർ, മെഡിക്കൽ കോളേജുകളിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോട്ടയം മെഡിക്കൽ കോളേജിൽ ഏതാണ്ട് 45 കോടിയിൽപ്പരം രൂപയുടെ പുതിയ സംവിധാനങ്ങൾ ഉണ്ടാക്കി എന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചത് ഞങ്ങൾ നന്ദിയോടെ കാണുന്നു. മെഡിക്കൽ കോളേജുകളുടെ സുവർണ്ണ കാലഘട്ടമാണ് ഈ കാലഘട്ടമെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. എന്റെ ചോദ്യം, കോട്ടയം മെഡിക്കൽകോളേജിൽ 940 തൊറാസിക് സർജറിയാണ് കഴിഞ്ഞ വർഷം നടന്നിട്ടുള്ളത്, കേരളത്തിലെ റിക്കാർഡായിരിക്കും. അതുപോലെതന്നെ ഓപ്പൺ ഹാർട്ട് സർജറി

LIBRARY ARCHIVES Kerala Legislative Assembly

അഞ്ഞൂറോളം നടന്നിട്ടുണ്ട്. വാൽവ് റീപ്ലെയ്സും ബൈപ്പാസുമൊക്കെ ഏറ്റവും കൂടുതൽ നടക്കുന്ന ഹോസ്പിറ്റലായി കോട്ടയം മെഡിക്കൽ കോളേജ് മാറിയിട്ടുണ്ട്. അതുപോലെതന്നെ ആഞ്ചിയോഗ്രാം, ആഞ്ചിയോപ്ലാസ്റ്റി തുടങ്ങിയവയും ഉണ്ട്. ഇവിടത്തെ തൊറാസിക് സർജറിയുടെ പുതിയ ബ്ലോക്ക് എത്രയും വേഗം ഉദ്ഘാടനം ചെയ്തെങ്കിലേ ഇന്നത്തെ ആവശ്യമനുസരിച്ചുള്ള സൗകര്യങ്ങൾ ഉണ്ടാവുകയുള്ളൂ. അതുപോലെ ഗൈനക്കോളജിയുടെ പുതിയ ബ്ലോക്കിന്റെ പണി എത്രത്തോളമായിട്ടുണ്ട് എന്നും അത് എന്നേയ്ക്ക് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബഹുമാനപ്പെട്ട വി.എൻ. വാസവൻ എം.എൽ.എ. പറഞ്ഞത് വളരെ ശരിയാണ്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയ, കാർഡിയോ വാസ്കുലർ സർജറി, ഓപ്പൺ ഹാർട്ട് സർജറി ഇതെല്ലാം ചെയ്യാനുള്ള സൗകര്യം ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഉണ്ടാക്കിയത്. നാല് മലയോര ജില്ലകളിലെ ജനങ്ങൾക്ക് അസുഖം ഉണ്ടാകുമ്പോൾ ആശ്രയിക്കാനുള്ള ഒരു പ്രധാനപ്പെട്ട കേന്ദ്രമായി കോട്ടയം മെഡിക്കൽ കോളേജ് മാറിയിട്ടുണ്ട്. ഈ മാസം 25-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഗൈനിക് ആന്റ് ഒബ്സ്ട്രിക്സ് ബ്ലോക്കും കാർഡിയോ തൊറാസിക് ബ്ലോക്കും ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി സമ്മതിച്ചിട്ടുണ്ട്. അത് വലിയ ഒരു സമർപ്പണമായിരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. എൻ. വാസവൻ : സർ, ഈ ആധുനിക സംവിധാനങ്ങളെല്ലാം ഉണ്ടാക്കിതന്നതിന്റെ ഭാഗമായി ലീനിയർ ആക്സിലറേറ്റർ വന്നിട്ടുണ്ട് അതും കൂടി ഇതിന്റെകൂടെ തുറക്കാനുള്ള നടപടി വേണം. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പുരോഗതി കൈവരിക്കുന്നതോടൊപ്പം അതിനാവശ്യമായ സ്റ്റാഫും ചില തസ്തികകളും കൂടി സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. അതിനുകൂടി അടിയന്തര നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഓരോ ഘട്ടത്തിലും ആവശ്യത്തിന് പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പിന് സാധിച്ചിട്ടുണ്ട്. ഗവൺമെന്റ് അതിന് വളരെയധികം പോസിറ്റീവായിരുന്നു. ഇന്ത്യയിൽ ആദ്യമായി കേരളത്തിലെ ഒരു സർക്കാർ ആശുപത്രിയിലാണ് ക്യാൻസർ ചികിൽസയ്ക്കുള്ള അതിനൂതനമായ, പത്ത് കോടിയോളം രൂപ വിലവരുന്ന ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കുന്നത്. ആർ.സി.സി.-യിൽ 21 കോടി രൂപയുടെ രണ്ടെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഈ മാസം 25-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ക്യാൻസർ രോഗികൾക്കുവേണ്ടി അത് സമർപ്പിക്കുന്നതായിരിക്കും.

ശ്രീ. വി. ശിവൻകുട്ടി : സർ, ഇവിടെ അങ്ങ് പറഞ്ഞതു പ്രകാരം അതിലൊന്നും നമ്മൾ ബേജാറാകേണ്ട. 800 കോടി രൂപയുടെ വികസനമാണ് കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടന്നത്. തിരുവനന്തപുരത്തെ

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയാണ് തൈയ്ക്കാട് ആശുപത്രി. വളരെയധികം സൗകര്യങ്ങളുള്ള ഒരു ഹോസ്പിറ്റലാണത്. അവിടെ വന്നു പോകുന്ന സ്ത്രീകൾ അവിടുത്തെ സൗകര്യങ്ങൾ ഒന്നുകൂടി പ്രയോജനപ്പെടുത്തുവാൻ പറ്റുന്നതിനുള്ള അവസരം കിട്ടുമോ എന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അത്രമാത്രം സൗകര്യങ്ങളാണ് അവിടെയുള്ളത്. എന്റെ ചോദ്യം, ഇനി അങ്ങോയ്ക്ക് കേരളത്തിലെ മെഡിക്കൽകോളേജിലൊന്നും ഒരു സൗകര്യവും ഏർപ്പെടുത്താനില്ല. എല്ലാം ആയിക്കഴിഞ്ഞു. പാവപ്പെട്ട രോഗികൾക്ക് ആരോഗ്യ വകുപ്പിൽനിന്ന് ഗുരുതരമായ രോഗങ്ങൾക്കുള്ള ശസ്ത്രക്രിയയ്ക്കും മറ്റ് ചികിത്സയ്ക്കും ധാരാളം ധനസഹായങ്ങളും ലഭിക്കുന്നുണ്ട്. പക്ഷേ ഒരുപാട് നടപടിക്രമങ്ങൾകൊണ്ട് ആ സഹായങ്ങൾ സമയത്തു ലഭിക്കുന്നില്ല. സൂപ്രണ്ടുമാർക്ക് അപേക്ഷ കൊടുത്താൽ ശസ്ത്രക്രിയയ്ക്ക് മുമ്പോ അല്ലെങ്കിൽ ചികിത്സ ആരംഭിക്കുന്നതിനു മുമ്പോ, പണം കൃത്യസമയത്തുതന്നെ കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കഴിഞ്ഞ നാല് വർഷംവരെ പതിനെട്ടു വയസ്സ് വരെയുള്ള കുട്ടികൾക്കായിരുന്നു സൂപ്രണ്ടുമാർക്ക് പണം കൊടുത്തുകൊണ്ട് അവിടെനിന്നുതന്നെ ചികിത്സ ലഭ്യമാക്കിയിരുന്നത്. എന്നാൽ ഇന്ന് 'ചിസ് പ്ലസ്' ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഭാഗമായി 39 ലക്ഷം കുടുംബങ്ങളിൽപ്പെട്ട ഏതെങ്കിലും ഒരു വ്യക്തിക്ക് കാൻസർ രോഗമോ ഹൃദ്രോഗമോ അല്ലെങ്കിൽ കിഡ്നി സംബന്ധമായ രോഗമോ ഉണ്ടാകുകയാണെങ്കിൽ അവർക്കുള്ള ചികിത്സയ്ക്കാവശ്യമായ ഫണ്ട് കേരളത്തിലെ സർക്കാർ ആശുപത്രികളിലും അഞ്ച് മെഡിക്കൽ കോളേജ് ആശുപത്രികളിലും സൂപ്രണ്ടുമാരുടെ പേരിൽത്തന്നെ ഉണ്ടായിരിക്കും. ആരോഗ്യ ഇൻഷുറൻസ് കാർഡിലൂടെ അവർക്ക് 70,000 രൂപ അഡ്വീഷണലായി കിട്ടുന്ന ഒരു പുതിയ പദ്ധതി, ഒരു പക്ഷേ ഇന്ത്യയിൽ ആദ്യമായി കേരളത്തിൽ നടപ്പാക്കുകയാണ്. രണ്ടുപേർക്ക് ഇതിനകം ലഭിച്ചു കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ : സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പണി പൂർത്തിയാകാതിരുന്ന കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഈ ഗവൺമെന്റിന്റെ കാലത്താണ് പണിപൂർത്തിയായത്. അന്ന് അത് കേരള ഹെൽത്ത് സിസ്റ്റം എന്ന ഒരു പ്രോജക്ടിന്റെ പേരിൽ സ്വകാര്യ വ്യക്തികൾക്കുൾപ്പെടെ കൈമാറാനുള്ള തീരുമാനമുണ്ടായിരുന്നു. ആ നിലപാടൊക്കെ മാറി, ഇപ്പോൾ പണി പൂർത്തിയാക്കി, കുറേ പ്രവർത്തനങ്ങളാരംഭിച്ചു. അവിടെ മോഡുലാർ ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ ഉയർന്നു വരുന്നുണ്ട്. ഈ പ്രോജക്ട് സമർപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കോഴിക്കോട് മെഡിക്കൽ കോളേജിന്റെ ഭാഗമായി വർഷങ്ങൾക്കുമുമ്പേ നിർമ്മിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേക്ക് പതിനഞ്ചു കോടി രൂപകൂടി ചെലവഴിച്ചുകൊണ്ടാണ് വിവിധ

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യാലിറ്റികൾ, സൂപ്പർ സ്പെഷ്യാലിറ്റികൾ അങ്ങോട്ടേയ്ക്ക് മാറ്റിയത്. പക്ഷേ അവിടെ തിയേറ്ററിന്റെ അഭാവം ഉണ്ടായിരുന്നതുകൊണ്ട് ഇരുപതു കോടി രൂപയുടെ പന്ത്രണ്ടിലേറെ മോഡുലാർ ഓപ്പറേഷൻ തിയേറ്ററുകൾ നിർമ്മിക്കുവാനുള്ള ഭരണാനുമതി ആയിക്കഴിഞ്ഞിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ സമഗ്രമായ ആധുനികവത്ക്കരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു, അഭിനന്ദനങ്ങൾ. മെഡിക്കൽ കോളേജുകളുടെ നവീകരണം എന്നത് ഒറ്റപ്പെട്ട ഒരു നവീകരണ പ്രക്രിയയാണോ? കേരളത്തിന്റെ പൊതു ആരോഗ്യമേഖലയുടെ മൊത്തം നവീകരണത്തിന്റെ ഭാഗമായി പി.എച്ച്.സി. മുതൽ ജില്ലാ ആശുപത്രി വരെയുള്ള നവീകരണത്തിന്റെ പരസ്പര പൂരകമായിട്ടല്ലേ മെഡിക്കൽ കോളേജുകളുടെ ആധുനികവത്ക്കരണം നടത്തിയത്? പരസ്പര പൂരകമായി എങ്ങനെ പൊതു ആരോഗ്യമേഖലയെ മെഡിക്കൽ കോളേജ് അടക്കം നവീകരിച്ചു എന്ന് ചുരുക്കി വിശദമാക്കാമോ; ഭാവിയിൽ പൊതു ആരോഗ്യമേഖല എങ്ങനെ ചിട്ടപ്പെടുത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, എന്റെ ഉത്തരത്തിൽത്തന്നെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് ആശുപത്രി വരെയുള്ള ആശുപത്രികളിലെ ഭൗതിക സാഹചര്യങ്ങൾ, അതുപോലെ ഡോക്ടേഴ്സ്, സ്റ്റാഫ്, മരുന്ന്, ചികിത്സക്കായി ഇന്ന് ലഭ്യമായിട്ടുള്ള നൂതന ഉപകരണങ്ങൾ, കേരളത്തിൽ മാത്രമല്ല, ഇന്ത്യയിലൊട്ടാകെ ആശുപത്രിയുടെ ഗ്രേഡ് അനുസരിച്ച് ലഭ്യമായിട്ടുള്ള ഉപകരണങ്ങൾ, ഇത് ക്രമീകരിക്കുവാൻ ഹെൽത്ത് സർവ്വീസസിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടുകൂടി നമുക്ക് നല്ലതുപോലെ ലഭിച്ചിട്ടുണ്ട്. പക്ഷേ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഞങ്ങൾക്ക് ലഭിച്ചത് സ്റ്റേറ്റ് ഗവൺമെന്റിന്റെ ഫണ്ടാണ്. തിരുവനന്തപുരത്തു മാത്രമാണ് പി.എം.എസ്.എസ്.വൈ. പ്രോജക്ട്. അതേസമയത്ത് ഇവിടെ ബഹുമാനപ്പെട്ട രവീന്ദ്രനാഥ് പറഞ്ഞതു പോലെ കേരളത്തിലെ സർക്കാർ മേഖലയിലുള്ള ആശുപത്രികൾ പേഷ്യന്റ് സ് ഫ്രണ്ട്ലി ആശുപത്രികളാക്കി മാറ്റുവാൻ കഴിഞ്ഞ നാലര, അഞ്ച് വർഷമായി നടത്തിയിട്ടുള്ള പരിശ്രമം ഏറെക്കുറെ വിജയിച്ചു കഴിഞ്ഞു. പ്രൈവറ്റ് ആശുപത്രിയിൽ പോകുന്നതിനു പകരം സാധാരണക്കാരും ഇടത്തരക്കാരും അപ്പർ മിഡിൽ ക്ലാസ്സിലുള്ളവർപോലും രോഗം വന്നാൽ ഇന്ന് ഗവണ്മെന്റ് ആശുപത്രികളിലേക്ക് വന്നുകൊണ്ടിരിക്കുന്നുണ്ട്. ആ രീതിയിലുള്ള ഒരു മാറ്റം നമുക്ക് ആശുപത്രികളിൽ കാണാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മെഡിക്കൽ കോളേജുകളിൽ ഒത്തിരി അത്യന്താധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി, ഡിവൈസസ് വാങ്ങി എന്ന് ഇവിടെ പറയുകയുണ്ടായി. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ നടക്കുന്ന സമയത്ത് കേരള സംസ്ഥാനത്ത് പല സ്ഥലങ്ങളിൽ നിന്നും കൂട്ടത്തോടെ ഡോക്ടർമാരെ ആ സ്ഥലത്തേക്ക് മാറ്റുകയാണ്. വിവരാവകാശ നിയമമനുസരിച്ച് എനിക്ക് കിട്ടിയിരിക്കുന്ന ഉത്തരത്തിനകത്ത്,

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോക്ടർമാരെ ഏകദേശം ഒന്നര മാസം മുമ്പ് കോട്ടയം മെഡിക്കൽ കോളേജിലേക്ക് മാറ്റിയതായി റെക്കോർഡ് ഉണ്ടാക്കിക്കൊണ്ട്, എന്നിട്ട് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ ആളുകൾ ഇൻസ്പെക്ഷന് വരുമ്പോൾ അവിടേയും അംഗീകാരം. അതേ ടീമിനെത്തന്നെ കോഴിക്കോട്ടും വിടുകയാണ്. അതേ ടീമിനെത്തന്നെ തൃശ്ശൂരും വിടുകയാണ്. ഈ സംസ്ഥാനത്ത് ഈ മെഡിക്കൽ കോളേജുകളിലെല്ലാംകൂടി ഇന്ത്യൻ മെഡിക്കൽ കൗൺസിൽ ഒരു ദിവസം ഇൻസ്പെക്ഷൻ വച്ചാൽ കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ അംഗീകാരം നഷ്ടപ്പെടുമെന്നുള്ള ഗുരുതരമായ സാഹചര്യം അങ്ങേയ്ക്ക് അറിയുമോ ? അത് നികത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് ഈ അഞ്ചുകൊല്ലത്തിനുള്ളിൽ എന്താണ് ചെയ്തത് ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കുറച്ചു മുമ്പ് അങ്ങനെയുള്ള ബുദ്ധിമുട്ടുണ്ടായിരുന്നു. .....(ബഹളം)..... ഈ കഴിഞ്ഞ ദിവസം ഏറ്റവും ഷോർട്ടേജ് ഉണ്ടായിരുന്നത് ആലപ്പുഴ മെഡിക്കൽ കോളേജിൽ ആയിരുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും കോട്ടയത്തും അങ്ങനെ വലിയ ഷോർട്ടേജ് ഉണ്ടായിരുന്നില്ല. ഈ മൂന്നു മെഡിക്കൽ കോളേജുകളിൽനിന്ന് .....(ബഹളം)..... കുറച്ചു മുമ്പ് അനസ്തേഷ്യ, സർജറി പോലുള്ള ഡിപ്പാർട്ടുമെന്റുകളിൽ വളരെയേറെ ഷോർട്ടേജുണ്ടായിരുന്നു. ഇപ്പോൾ തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ ഇപ്പോൾ വേക്കൻസികളേ ഇല്ല, എല്ലാം ഫില്ലായി. മാത്രമല്ല, അതിന് ഒരു അനുഭവം ഞാൻ പറഞ്ഞു തരാം. കഴിഞ്ഞ ദിവസം ആലപ്പുഴ മെഡിക്കൽ കോളേജിൽ മെഡിക്കൽ കൗൺസിലിന്റെ ഒരു സർപ്രൈസ് ഇൻസ്പെക്ഷൻ നടക്കുകയുണ്ടായി. അവിടെ ആരും ആരേയും എവിടേയും മാറ്റിയിട്ടില്ല. ഏറ്റവും അവസാനമാണ് നൂറ്റിഅമ്പത് കുട്ടികളായി വർദ്ധിപ്പിച്ചത്. അംഗീകാരം കിട്ടുന്നതിനുവേണ്ടി മെഡിക്കൽ കൗൺസിൽ നടത്തിയ സർപ്രൈസ് ഇൻസ്പെക്ഷനിൽ അവർ സംതൃപ്തി രേഖപ്പെടുത്തുകയാണുണ്ടായത്. തൃശ്ശൂർ, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വർദ്ധിപ്പിച്ച 150 കുട്ടികൾക്ക് ഈ ഗവൺമെന്റ് തന്നെ അംഗീകാരം കൊടുത്തുകൊണ്ടാണ് ഈ ഭരണം അവസാനിപ്പിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, തൃശ്ശൂർ ജില്ലയിൽ കേരളത്തിലെ ആദ്യത്തെ മെഡിക്കൽ സർവ്വകലാശാല 26-ാം തീയതി ഉദ്ഘാടനം ചെയ്യുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരുപാട് വികസന കാര്യങ്ങൾ നടത്തുകയുണ്ടായി. പക്ഷേ അവിടത്തെ മെഡിക്കൽ കോളേജിന് സ്വന്തമായി ലാബും ക്ലാസ് മുറികളും ഇല്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. ഇന്ന് അതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിലും ഭരണാനുമതി കിട്ടിയിട്ടില്ല. ഈ മെഡിക്കൽ കോളേജിന് സ്വന്തമായി ക്ലാസ് മുറികളും ലബോറട്ടറികളും സൗകര്യങ്ങളുംഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഏതുവരെയായി ; അത് അടിയന്തരമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ഈ ഗവൺമെന്റ് വരുന്നതിന് കുറച്ചു മുമ്പായിരുന്നു ഠൗണിൽനിന്ന് മുളങ്കുന്നത്തു കാവിലേക്ക് ഷിഫ്റ്റ് ചെയ്തത്. വളരെയേറെ പരിമിതികളുണ്ടാ യിരുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഏകദേശം നൂറു കോടിയോളം രൂപയുടെ കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തു. ഇപ്പോൾ അമ്പത് കോടി രൂപയുടെ സിവിൽ വർക്ക്സ് അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. ഏറ്റവും അവസാനമുണ്ടായ മെഡിക്കൽ കോളേജ് എന്ന നിലയിൽ ഹൃദയ ശസ്ത്രക്രിയയ്ക്കും മറ്റുമുള്ള സൗകര്യം അതിന്റെ പ്ലാനിംഗിൽ ഇരിക്കുകയാണ്. കോട്ടയത്തും ആലപ്പുഴയിലും എല്ലാം ആയിക്കഴിഞ്ഞു. ഇനി തൃശ്ശൂരിലേക്ക് കടക്കുകയാണ്. ലാബിന്റേയും മറ്റ് സൗകര്യങ്ങളുടേയും കാര്യത്തിൽ തൃശ്ശൂരിന് വളരെയേറെ പ്രയോറിറ്റി ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. പ്ലാൻ ഫണ്ടിലും അതിനാവശ്യമായ തുകയുണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷനിൽ പതിനൊന്നു കോടി രൂപ തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്ററിനുവേണ്ടി ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, കറക്ടായി ചോദ്യവും കറക്ടായി ഉത്തരവും തരണം. നമ്മുടെ നാടിന്റെ നന്മയ്ക്കുവേണ്ടിയാണ്. അതിനകത്ത് രാഷ്ട്രീയം കാണേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യം, ...(ബഹളം)..... പ്രസക്തിയുള്ളതാണ്. എന്റെ ചോദ്യം, മെഡിക്കൽ കൗൺസിലിന്റെ കണ്ണുകെട്ടാൻ ഡോക്ടർമാരുടെ സ്ഥലം മാറ്റം തുടങ്ങി. ഇത് ഈ ഫെബ്രുവരി രണ്ടാം തീയതിയിലെ മനോരമ പത്രമാണ്. മനസ്സിലായില്ലേ ? .....(ബഹളം).....

മി. സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കുക. മറ്റ് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ചോദ്യം ചോദിക്കുവാനുള്ളതാണ്.

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നത് വളരെ വ്യക്തമാണ്. ഈ പന്ത്രണ്ടാം തീയതിക്കുശേഷം,..... മെഡിക്കൽ കോളേജ് സ്റ്റാഫ് അസോസ്സിയേഷന്റെ പ്രസ്താവനയാണ്. അങ്ങേയ്ക്ക് ഉത്തരവാദിത്തമില്ലേ ? അങ്ങയുടെ മറുപടിയിൽ ഞാൻ സംതൃപ്ത നല്ലാത്തതുകൊണ്ടാണ് അങ്ങയോട് ചോദിക്കുന്നത്, ഇത് ശരിയാണോ ഈ പ്രസ്താവന ? .....(തടസ്സം)..... മെഡിക്കൽ കോളേജിലെ മുഴുവൻ സ്ട്രൈക്കും എന്നാണ് നികത്തിയത് എന്നു പറയാനുള്ള സന്മനസ്സ് പ്രകടിപ്പിക്കാമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, വേക്കൻസി ഇല്ല എന്നുള്ള അർത്ഥത്തിലല്ല. 95 ശതമാനം ആയിക്കഴിഞ്ഞാൽ അത് നൂറ് ശതമാനത്തിന് തുല്യമാണെന്ന് സാക്ഷരതയുടെ കാര്യത്തിൽപ്പോലും നമ്മൾ പറയുന്നില്ലേ ? അത്രയേയുള്ളൂ. അഞ്ച് ശതമാനത്തിൽ താഴെ വേക്കൻസി മാത്രമേ നികത്താനുള്ളൂ. അതിന് പകരം കോൺട്രാക്ട് അടിസ്ഥാനത്തിൽ വച്ചിട്ടുമുണ്ട്. ശ്രീ. പി. സി. ജോർജ്, അങ്ങയുടെ സംഘടനയോട് ഒന്ന് ചോദിക്കണം, ആലപ്പുഴ മെഡിക്കൽ കോളേജിൽ മെഡിക്കൽ കൗൺസിൽ സർപ്രൈസ് വിസിറ്റ് നടത്തിയപ്പോൾ അവർ വളരെ സാറ്റിസ്ഫൈഡായിട്ടാണ് പോയിട്ടുള്ളത്. അവർ എൽ.ഡി.എഫ്-ന്റെ ആളുകളൊന്നുമല്ലല്ലോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. ഡി. ദേവസ്സി : സർ, ചാലക്കുടി സർക്കാർ താലൂക്കാശുപത്രിക്കുവേണ്ടി വിഷൻ 2010-ൽപ്പെടുത്തി അങ്ങ് നിർമ്മാണോദ്ഘാടനം നിർവ്വഹിച്ച ഓപ്പറേഷൻ കാഷ്വാലിറ്റി തിയേറ്റർ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. ഇവിടേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; അതുപോലെ ആദിവാസി മേഖലയിൽ ചികത്സാ സൗകര്യം ലഭ്യമല്ലാത്ത സ്ഥലത്തേയ്ക്ക് ചികിത്സാ സൗകര്യമെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ആദിവാസി മേഖലയിൽ കെട്ടിടം പണി പൂർത്തിയായി വരുന്നുണ്ട്. അവിടെ ആവശ്യമായ ഉപകരണങ്ങളും മൊബൈൽ മെഡിക്കൽ യൂണിറ്റും കൊടുക്കാം.

ശ്രീ. എം. മുരളി : സർ, മെഡിക്കൽ കോളേജുകളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഉപകരണങ്ങൾ വാങ്ങാനും ഫണ്ട് ഉപയോഗിച്ചു എന്നു പറഞ്ഞു. എന്നാൽ അവിടെ പഠിപ്പിക്കാനും രോഗികളെ ചികിത്സിക്കാനും ഇപ്പോഴും ഡോക്ടർമാർ അപര്യാപ്തമാണെന്നാണ് പൊതുജനങ്ങൾക്കും രോഗികൾക്കുമുള്ള പരാതി. അവിടെ പി.ജി, സ്റ്റുഡന്റ്സും ഹൗസ് സർജൻസുമാണ് പ്രധാനമായും ചികിൽസിക്കുന്നത്. പി. ജി. സ്റ്റുഡന്റ്സും ഹൗസ് സർജൻസും സമരം ചെയ്തു, പി. ജി. സ്റ്റുഡന്റ്സിന്റെ പ്രതിഫലം ഇപ്പോൾ വർദ്ധിപ്പിച്ചു, ഹൗസ് സർജൻമാരുടെ പ്രതിഫലം വർദ്ധിപ്പിച്ചില്ല. ദിവസം അവർക്ക് 230 രൂപവച്ച് 7,000 രൂപയാണ് ഇപ്പോൾ നൽകുന്നത്. 230 രൂപയെന്നുള്ളത് 500 രൂപയാക്കണമെന്നാണ് അവരുടെ ആവശ്യം. ആ ആവശ്യം ഗവൺമെന്റ് പരിഗണിച്ച് നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അങ്ങയുടെ ഇന്റൻഷൻ എനിക്ക് അറിയാം. ഏതായാലും വളരെ നല്ലൊരു കാര്യമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് ഹൗസ് സർജൻമാരുടെ സ്റ്റൈപ്പന്റ് 5,200 രൂപയിൽ നിന്ന് 7,000 രൂപയാക്കി ഉയർത്തിയത്. ഇപ്പോൾ പി. ജി. സ്റ്റുഡന്റ്സിന്റെ സ്റ്റൈപ്പന്റ് ഫസ്റ്റ് ഇയറിലേത് 23,000 രൂപയായും സെക്കന്റ് ഇയറിലേത് 24,000 രൂപയായും ഫൈനൽ ഇയറിലേത് 25,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റിക്ക് ഫസ്റ്റ് ഇയറിലേത് 27,000 രൂപയായും സെക്കന്റ് ഇയറിലേത് 28,000 രൂപയായും തേർഡ് ഇയറിലേത് 30,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഇൻഡ്യയിൽ മറ്റൊരിടത്തും ഇല്ലാത്ത വിധത്തിലുള്ള വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. 200 ഹൗസ് സർജൻമാർ തിരുവനന്തപും മെഡിക്കൽകോളേജിൽ വർക്ക് ചെയ്യുന്നുണ്ട്. അവർ പറയുന്നത്, അവരാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചികിൽസാ കാര്യങ്ങളെല്ലാം നോക്കുന്നത് എന്നാണ്. അതുപോലെതന്നെ 500-ലധികം പി.ജി. സ്റ്റുഡന്റ്സുണ്ട്, അവരും പറയുന്നത് അവരാണ് അവിടെ എല്ലാം നോക്കുന്നത് എന്നാണ്. 120 സൂപ്പർ സ്പെഷ്യാൽറ്റി ഡോക്ടർമാരുമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രം വിദ്യാർത്ഥികളും ഡോക്ടർമാരുംകൂടി 1500-ഓളം പക്കാ ഡോക്ടേഴ്സുണ്ട്. എന്നാലും ഡോക്ടർമാരില്ല എന്ന പരാതിയാണ് എപ്പോഴും ഉയരുന്നത്. ഇവരൊക്കെ അവർ സേവനംചെയ്യുന്നു എന്നുള്ളത് പറയുമ്പോൾ,

ഞങ്ങൾ അതിലൊരു വിമുഖതയും കാണിച്ചിട്ടില്ല. ഹൗസ് സർജൻമാരുടെ പ്രതിഫലവും, ഭാവിയിൽ ഈ ഗവൺമെന്റ് വരുമല്ലോ, അപ്പോൾ നമുക്ക് തീർച്ചയായും പരിഗണിക്കാം. അതിനൊരു ബുദ്ധിമുട്ടുമില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ഞാൻ കഴിഞ്ഞദിവസം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോയപ്പോൾ അവിടുത്തെ ഒ.പി. ബ്ലോക്ക് കണ്ട് അത്ഭുതപ്പെട്ടുപോയി. ഒരു പഞ്ചനക്ഷത്ര ഹോട്ടലിനേക്കാളും മെച്ചമാണ് അവിടത്തെസ്ഥിതി. അവിടെ ഒരുപാട് ഉപകരണങ്ങളൊക്കെ വാങ്ങിയെന്ന് പറഞ്ഞു. പക്ഷേ ഇതൊക്കെ ഓപ്പറേറ്റ് ചെയ്യാനുള്ള പരിശീലനം ലഭിച്ച ടെക്നീഷ്യൻസില്ലെന്നുള്ളതാണ്.. അതുകൊണ്ട് ഉള്ളവരെ ട്രെയിൻ ചെയ്യാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, അവർക്ക് പ്രത്യേക പരിശീലനം കൊടുക്കുന്നതിനുവേണ്ടി കേരളത്തിന് പുറത്തും ഇൻഡ്യയ്ക്ക് പുറത്തും ചില ടെക്നീഷ്യൻമാരെ അയയ്ക്കുന്നുണ്ട്. ട്രെയിനിംഗ് വളരെ അത്യാവശ്യമാണ്.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഒരുപാട് മെഷീനറി വാങ്ങിയതൊക്കെ ശരിയാണ്. പക്ഷേ ഇപ്പോഴും മെഡിക്കൽ കോളേജുകളിൽനിന്ന് ലാബുകാരുമായും സ്കാനിംഗ് സെന്റർ ഉടമകളുമായി ഒത്തുകൊണ്ട് പുറത്തേക്ക് എഴുതിക്കൊടുക്കുന്ന സംഭവങ്ങളുണ്ട്. ഇത് ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കോടിക്കണക്കിന് രൂപയുടെ മെഷിനറി വാങ്ങി സമയാസമയങ്ങളിൽ മെയിന്റനൻസ് നടത്താൻ സാധിക്കാതെ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, യഥാർത്ഥത്തിൽ ബയോമെഡിക്കൽ എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത ഒരു സ്ഥാപനമാണ് മെഡിക്കൽ കോളേജ്. ഇപ്പോൾ ഒരു ബയോമെഡിക്കൽ എഞ്ചിനീയറിംഗ് പ്രവർത്തിക്കുന്നുണ്ട്. തുരുമ്പു പിടിച്ചതും കേടായതുമായ ഉപകരണങ്ങൾ നന്നാക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ പുറത്തേക്ക് എഴുതിക്കൊടുക്കുന്നത് തീരെയില്ല എന്നു പറയാൻ സാധ്യമല്ല. അതേസമയം ഇൻവെസ്റ്റിഗേഷൻ നടത്തുന്ന, പ്രത്യേകിച്ച് തിരുവനന്തപുരത്തെ സെൻട്രലൈസ്ഡ് ലാബും സി.ടി. സ്കാനും എം.ആർ.ഐ. സ്കാനും 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. 24 മണിക്കൂറും പ്രവർത്തിപ്പിക്കാനുള്ള സ്റ്റാഫിനെ പ്രൊവൈഡ് ചെയ്തിട്ടുണ്ട്. അതുകഴിഞ്ഞതിനുശേഷമുള്ളത് പുറത്തേക്ക് കൊടുക്കുന്നുണ്ടോയെന്നറിയില്ല. പുറത്തേക്ക് കൊടുക്കുന്നുണ്ടെങ്കിൽത്തന്നെ റേറ്റ് എം.പാനൽ ചെയ്തിട്ടുള്ള ചില സ്ഥാപനങ്ങൾക്കാണ്. അല്ലാതെ ഇഷ്ടംപോലെ വാങ്ങാൻ അനുവദിക്കാത്ത രീതിയിൽ ഒരു ക്രമീകരണം വരുത്തിയിട്ടുണ്ട്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അങ്ങ് വരുത്തിയിട്ടുള്ള സൗകര്യങ്ങളൊക്കെ അഭിനന്ദനീയമാണ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട പ്രദേശങ്ങളിലെ രോഗികളെല്ലാം ആശ്രയിക്കുന്ന മെഡിക്കൽ കോളേജ് ആശുപത്രിയാണ് തിരുവനന്തപുരം. സാധാരണക്കാരായ ആളുകൾ മാരകമായ രോഗവുമായി

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ആശുപത്രിയിൽ പോകാൻ നിവൃത്തിയില്ലാതെ മെഡിക്കൽ കോളേജി നെയാണ് ആശ്രയിക്കുന്നത്. അവിടെ ഓപ്പറേഷൻ തിയേറ്ററിന്റെ എണ്ണം കുറവാണ്. ചില ഹാർട്ട് ഓപ്പറേഷനൊക്കെ എത്രയോ ദിവസങ്ങളും മാസങ്ങളും കാത്തിരുന്നാണ് നടത്തുന്നത്. അതിന് കൂടുതൽ സൗകര്യങ്ങളുണ്ടാക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഇപ്പോൾ എട്ട് മോഡുലാർ ഓപ്പറേഷൻ തിയേറ്റർ പുതുതായി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. ഒപ്പം, കാർഡിയോ തൊറാസിക് യൂണിറ്റിന്റെ കാര്യത്തിൽ ഒരു പുതിയ കാത്ത്‌ലാബും കൂടി ഇപ്പോൾ പ്രവർത്തനം ആരംഭിക്കുകയാണ്. അതുപോലെ കാർഡിയോ തൊറാസികിന്റെയും സൗകര്യങ്ങൾ വിപുലപ്പെടുത്താൻ തിരുവനന്തപുരത്ത് ഒരു പ്രയാസവുമില്ല, അതിനുള്ള സൗകര്യവും സംവിധാനവും ഏർപ്പെടുത്താം.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചപ്പോൾ കോട്ടയം മെഡിക്കൽ കോളേജിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ലീനിയർ ആക്സിലറേറ്ററും പ്രവർത്തനം ആരംഭിക്കുന്നുവെന്നു പറഞ്ഞു. അക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനെ സംബന്ധിച്ച് 2005-ൽ കഴിഞ്ഞ ഗവൺമെന്റ് നബാർഡിന് സമർപ്പിച്ച പദ്ധതിക്ക് പിന്നീട് അംഗീകാരം കിട്ടിയെങ്കിലും ഇന്നുവരെ അത് ടെണ്ടർ ചെയ്യാൻപോലും കഴിയാതെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ ലീനിയർ ആക്സിലറേറ്ററിന്റെകാര്യം, ബഹുമാനപ്പെട്ട മന്ത്രി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വന്ന അവസരങ്ങളിലൊക്കെ പറഞ്ഞതാണ്. ഇൻഡ്യയിൽ സർക്കാർ സ്ഥാപനത്തിലെ ആദ്യത്തെ ലീനിയർ ആക്സിലറേറ്റർ ഇതുവരെ പ്രവർത്തനക്ഷമമായിട്ടില്ല. കാർഡിയോ തൊറാസിക് ബ്ലോക്ക് 25-ാം തീയതി ഉദ്ഘാടനം ചെയ്യാൻ പോകുക യാണെന്ന് പറഞ്ഞു. 2003-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്നപ്പോൾ നിർമ്മാണം ആരംഭിച്ചതാണത്. 20 കോടി രൂപ ചെലവുവരുന്ന പദ്ധതിക്ക് അന്ന് തറക്കല്ലിട്ട് നിർമ്മാണം പുരോഗമിച്ചുവന്നതാണ്. അതിന്റെ ഉദ്ഘാടനം നടക്കുമ്പോൾ അത് പ്രവർത്തനക്ഷമമാണോയെന്ന് അന്വേഷിക്കണം. ഒരുകോടി രൂപയുടെ ഉപകരണങ്ങൾക്കൂടി അവിടെ സ്ഥാപിച്ചാൽ മാത്രമേ കാർഡിയോ തൊറാസിക് ബ്ലോക്ക് പ്രവർത്തനക്ഷമമാകുകയുള്ളു.

മി. സ്പീക്കർ : എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ചോദ്യം ചോദി ക്കാൻ അവസരം വേണം. അതുകൊണ്ട് ചോദ്യങ്ങൾ ചുരുക്കി ചോദിക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കാർഡിയോ തൊറാസിക് യൂണിറ്റും സർജറിയുമൊക്കെത്തന്നെ കഴിഞ്ഞ രണ്ട് വർഷമായി കോട്ടയം മെഡിക്കൽ കോളേജിൽ നടക്കുന്നുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. 2003-ൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് ഒബ്സ്റ്റെട്രിക്സ് ആന്റ് ഗൈനക്കോളജി, കാർഡിയോ തൊറാസിക് ബ്ലോക്കുകൾക്ക് തറക്കല്ലിട്ടത്. പക്ഷേ പൊങ്ങാൻ ഈ ഗവൺമെന്റ് വേണ്ടിവന്നു. ലീനിയർ ആക്സിലറേറ്റർ ട്രയൽ റൺ

LIBRARY ARCHIVES Kerala Legislative Assembly

എടുത്തുകഴിഞ്ഞു. പക്ഷേ ഔപചാരികമായി ഉദ്ഘാടനം ചെയ്യണം. ഇപ്പോഴാണ് കറന്റ് കണക്ഷൻ കിട്ടിയത്. അങ്ങ് അവിടെപ്പോയി നോക്കണം. കറന്റ് കണക്ഷൻ കിട്ടാതെ ഒരു ലീനിയർ ആക്സിലറേറ്റർ എങ്ങനെ പ്രവർത്തിക്കും ? അതൊക്കെ ആയിട്ടുണ്ട്. അവിടെയുള്ള ഒരു ഇലക്ട്രിക്കൽ എഞ്ചിനീയർ കാലതാമസം വരുത്താൻവേണ്ടി ശ്രമിച്ചിട്ടുണ്ട്. ഇക്കാര്യം ബഹു മാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലുംപ്പെടുത്തിയിരുന്നു. ഒരു ലീനിയർ ആക്സിലറേറ്റർ പ്രവർത്തിപ്പിക്കാൻ കേവലം ഒരു ഇലക്ട്രിക് കണക്ഷൻ കിട്ടാൻവേണ്ടി മാത്രം മൂന്നു മാസം വെയ്റ്റ് ചെയ്യേണ്ടിവന്നു. ഇതൊക്കെ നടക്കുന്നുണ്ടെന്നുള്ളത് അങ്ങും സമ്മതിക്കുമല്ലോ.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : സർ, കേരളത്തിന്റെ ആരോഗ്യവകുപ്പു മന്ത്രിപോലും മെഡിക്കൽ കോളേജിൽനിന്ന് ഓടിപ്പോയ ഒരു കാലഘട്ടത്തിൽ നിന്ന് അപ്പുറത്തുള്ള ആളുകൾപോലും അംഗീകരിക്കുന്ന രൂപത്തിലുള്ള വലിയ മാറ്റമാണ് എല്ലാ മെഡിക്കൽ കോളേജുകളിലും വരുത്തിയത്. അത് വളരെ ആവേശകരവും സന്തോഷകരവുമാണ്. എനിക്ക് ചോദിക്കാനുള്ളത്, ഇപ്പോഴും ഉത്തര കേരളത്തിലെ ആളുകൾ ക്യാൻസർ ചികിത്സയ്ക്കുവേണ്ടി ആശ്രയിക്കുന്നത് ആർ.സി.സി-യെയാണ്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ യൂണിറ്റ് ഇപ്പോഴുണ്ട്. അത് കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഉത്തരകേരളത്തിലെ മലബാർ ക്യാൻസർ സെന്റർ വളരെ നന്നായി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഒപ്പം കോഴിക്കോടുള്ള ഒരു ഡോക്ടർ മാവൂരിലുള്ള ഒരു സ്ഥാപനം വളരെ ഉദാരമായി സർക്കാരിന് വിട്ടുതന്നിട്ടുണ്ട്. അത് പ്രവർത്തിപ്പിക്കാനും ഒപ്പം കോഴിക്കോട് മെഡിക്കൽകോളേജിലെ ക്യാൻസർ വിഭാഗം ശക്തിപ്പെടുത്താനുമുള്ള തീരുമാനമുണ്ടായിട്ടുണ്ട്. ലുക്കേമിയയ്ക്കെതിരെ ഏറ്റവും നല്ല ചികിത്സ ലഭ്യമാക്കുന്നതിനുവേണ്ടി രോഗികൾ എത്തുന്നത് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലാണ്. അവിടെ ആവശ്യമായ ഉപകരണങ്ങളും കൊടുക്കാം.

ശ്രീ. എ. എ. ഷുക്കൂർ : സർ, ബഹുമാനപ്പെട്ട മന്ത്രി ആലപ്പുഴ മെഡിക്കൽ കോളേജിനെക്കുറിച്ച് വളരെ വാചാലമായി സംസാരിച്ചു. ഇപ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിന്റെ സ്ഥിതിയെപ്പറ്റി പറഞ്ഞാൽ, അവിടെ നൂറോളം ഡോക്ടർമാരുടെ ഒഴിവുകളുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ കഴിഞ്ഞ ദിവസം സന്ദർശിച്ചപ്പോൾ അവർ ചില അപാകതകളെപ്പറ്റി പറയുകയുണ്ടായി. അതിനുമുമ്പ് ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്നപ്പോൾത്തന്നെ ഈ പോരായ്മ കാണുകയുണ്ടായി. എന്ത് മറിമായമാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗങ്ങൾ വന്നപ്പോൾ അവിടെ ചെയ്തതെന്ന് അറിയില്ല. ഈ സഭതന്നെ ഒരു പ്രതിനിധി സംഘത്തെ അങ്ങോട്ട് അയച്ച് ഇപ്പോൾ പരിശോധിച്ചാൽ നൂറിൽപ്പരം ഒഴിവുകൾ അവിടെ നികത്താതെ കിടക്കുന്നു എന്ന് മനസ്സിലാകും. ഇതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബഹുമാനപ്പെട്ട ഷുക്കൂറിന് ഇങ്ങനെ പറയാൻ എങ്ങനെ സാധിക്കുന്നു.?.....(ബഹളം).....ഞാൻ പറയുന്നത്, നൂറ് വേക്കൻസിയുണ്ടെങ്കിൽ അതുസംബന്ധിച്ച് വല്ല കടലാസ്സും കിട്ടിയിട്ടുണ്ടെങ്കിൽ അതെനിക്ക് തന്നാൽ മതി. നാളെ ഞാൻ ഇവിടെ ഉണ്ടല്ലോ. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഫാക്കൽറ്റീസിൽ .....(തടസ്സം).....ആലപ്പുഴ മെഡിക്കൽ കോളേജിൽ നൂറു വേക്കൻസിയുണ്ടെങ്കിൽ അതിന്റെ വിവരം തന്നാൽ തീർച്ചയായും നാളെ അതിന്റെ യഥാർത്ഥ വിവരമെന്താണെന്ന് ഞാൻ പറയാം.

ശ്രീ. എം. ചന്ദ്രൻ : സർ, മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് അവസാനിപ്പിച്ചുകൊണ്ടുള്ള ധീരമായ നടപടി അങ്ങ് എടുക്കുകയുണ്ടായി. ഇത് വളരെയധികം നിർദ്ധനരായ രോഗികൾക്ക് ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം കിട്ടുന്നതിനുവേണ്ടി ഉപകരിച്ചിട്ടുണ്ട്. പക്ഷേ ഇക്കാര്യം മറികടന്ന് ഇപ്പോഴും സ്വകാര്യപ്രാക്ടീസ് നടത്തുന്ന ഏതെങ്കിലും ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ ; അങ്ങനെ എത്ര ഡോക്ടർമാരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട് ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, നിലനിൽക്കുന്ന ഒരു സാഹചര്യത്തിൽനിന്നുള്ള ഒരു പുതിയ മാറ്റം പെട്ടെന്ന് ഉൾക്കൊള്ളാൻ എല്ലാവർക്കും ഒരുപോലെ സാധിച്ചുവെന്നുവരില്ല. പ്രൈവറ്റ് പ്രാക്ടീസ് ഇപ്പോൾ നിർത്തലാക്കിയത് ഒരേയൊരു കാരണംകൊണ്ടാണ്. കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരാണ് മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ. ഇതുകണക്കിലെടുത്തുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ചില നടപടികളെടുത്തിരുന്നു. ഈ സർക്കാർ വന്നതിനുശേഷം അത് നടപ്പിലാക്കുകയും ചെയ്തു. അത് സംബന്ധിച്ച് വളരെയേറെ ഗുണം ചെയ്യാൻവേണ്ടിപോവുകയാണ്. ഒന്നു രണ്ടുവർഷങ്ങൾക്കുശേഷം ഡോക്ടർമാർ ഇതുമായി പൊരുത്തപ്പെട്ട് വരും. നാല് മണിവരെ അവർ പഠിപ്പിക്കും, ചികിത്സിക്കും. ഇതെല്ലാംകൂടി സമന്വയിപ്പിച്ചുകൊണ്ടുപോകാൻ മെഡിക്കൽകോളേജ് വഴി സാധിക്കുന്നതിലൂടെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റാൻവേണ്ടി സാധിക്കും.

ശ്രീ. എം. വി. ശ്രേയാംസ് കുമാർ : സർ, ഒരു മെഡിക്കൽകോളേജ് വേണമെന്നുള്ളത് വയനാടിന്റെ ന്യായമായ ആവശ്യമാണ്. അതിനുകാരണം അവിടെ സ്വകാര്യ-സർക്കാർമേഖലകൾ വളരെ പരിമിതമാണ്. അതിനാൽ അവിടെ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? അതുവരെ മെഡിക്കൽകോളേജ് ഡോക്ടർമാരുടെ സേവനം ക്യാമ്പുകളും അതുപോലെയുള്ള സംവിധാനം മുഖാന്തിരം ജില്ലാ താലൂക്ക് ആശുപത്രികളിൽ ലഭ്യമാക്കാൻ നടപടിയെടുക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, വയനാട് ജില്ലയിൽ കുറച്ചു പ്രശ്നം തന്നെയാണ്. എന്നാലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കിയപ്പോൾ 106 സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സിനെ പ്രത്യേകമായി വയനാട് ജില്ലയിലെ ജില്ലാ-താലൂക്കാശുപത്രികളിൽ വിന്യസിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ മെഡിക്കൽ കോളേജ് ആവശ്യമാണെന്നുള്ളതിനോട് എനിക്ക് യോജിപ്പാണുള്ളത്. അടുത്ത ഭാവിയിൽ നമുക്കതിനെ സംബന്ധിച്ച് ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ചന്ദ്രൻ : സർ, തൃശ്ശൂർ മെഡിക്കൽകോളേജിൽ 5 ബാച്ചുകളിലായുള്ള 200 മെഡിക്കൽ വിദ്യാർത്ഥികളും 200 പാരാമെഡിക്കൽ വിദ്യാർത്ഥികളും അവിടത്തെ 150 സ്റ്റാഫും മെഡിക്കൽകോളേജ് ബസ്സുകളെ ആശ്രയിച്ചാണ് യാത്രചെയ്യുന്നത്. അതിലൊരു ബസ്സ് 25 കൊല്ലം പഴക്കമുള്ളതിനാൽ ഏപ്രിൽ മാസം കഴിഞ്ഞാൽ കട്ടപ്പുറത്ത് തള്ളേണ്ട സ്ഥിതിയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് അടിയന്തരമായി തൃശൂർ മെഡിക്കൽ കോളേജിന് ഒരു വാഹനംകൂടി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ഒരു വാഹനം ഇപ്പോൾ കിട്ടിയിട്ടുണ്ട്. ഇനി കൂടുതലായി വേണമെന്നുണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. എം. എ. വാഹീദ് : സർ, മെഡിക്കൽ കോളേജുകളുടെ വികസനത്തിനുവേണ്ടി കോടാനുകോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഇതോടനുബന്ധമായി മെഡിക്കൽ കോളേജിന്റെ പി. എച്ച്. സെന്ററുകളുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ പി.എച്ച്. സെന്റർ എന്റെ മണ്ഡലത്തിലെ പാങ്ങാപ്പാറയിലാണ് പ്രവർത്തിക്കുന്നത്. ഏക്കറുകണക്കിന് ഭൂമി, ക്വാർട്ടേഴ്സ്, കെട്ടിടങ്ങൾ എന്നിവ അവിടെ അനാഥമായി കിടക്കുകയാണ്. ഒറ്റ ഡോക്ടർമാർ പോലും മെഡിക്കൽകോളേജിൽ നിന്ന് ഈ സെന്ററുകളിലേക്ക് പോകുന്നില്ല. ചൊറി, ചിരങ്ങ്, പനി, ചുമ തുടങ്ങിയ ചെറിയ രോഗങ്ങൾക്ക് ചികിത്സിക്കാൻ പറ്റിയ സ്ഥലമാണ് അവിടെ. എന്റെ ചോദ്യം, കേന്ദ്രസർക്കാരിൽനിന്നും മറ്റ് വിവിധ സ്കീമുകളിൽനിന്നും കോടാനുകോടി രൂപ കിട്ടിയിട്ടുണ്ട്. ഇതിൽ നിന്ന് കുറച്ചു പണമെങ്കിലും പാവങ്ങൾ ചികിത്സയ്ക്കുവരുന്ന മെഡിക്കൽകോളേജിന്റെ പി.എച്ച്. സെന്ററായ പാങ്ങപ്പാറപോലുള്ള സ്ഥാപനങ്ങൾക്ക് വേണ്ടി ചെലവഴിക്കാൻ നടപടിയെടുക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതിൽ കുറച്ചു ശരിയുണ്ട്. പാങ്ങപ്പാറ പി.എച്ച്. സെന്റർ തീർത്തും പൂട്ടിയതായിരുന്നു. ഇപ്പോൾ കുറച്ച് പ്രവർത്തിക്കുന്നുണ്ട്. ഞാനും ശ്രീ. എം. വിജയകുമാർ മിനിസ്റ്ററും ഒരു പ്രാവശ്യം പോയപ്പോൾ അത് ശ്രദ്ധിച്ചിരുന്നു. പക്ഷേ എം.എൽ.എ. പറഞ്ഞതുപോലെ കുറച്ച് പി.ജി. സ്റ്റുഡന്റ് സിനെയും പി. ജി. കഴിഞ്ഞ ഡോക്ടർമാരേയും ഒന്നുരണ്ട് ഹൗസ് സർജൻസിനേയും മെഡിക്കൽകോളേജിന്റെ പാങ്ങപ്പാറ പി. എച്ച്. സെന്ററിലേക്ക് ഡെപ്യൂട്ട് ചെയ്യാൻ പ്രത്യേക നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി : സർ, ആരോഗ്യപരിപാലന രംഗത്ത് മികച്ച സേവനം കാഴ്ച വയ്ക്കുന്ന നമ്മുടെ സംസ്ഥാനത്തെ കേന്ദ്ര മന്ത്രി ഡോ:ഗുലാംനബി ആസാദ് തന്നെ അനുമോദിച്ചിരിക്കുകയാണ്. എന്റെ ചോദ്യം, തൃശ്ശൂർ മെഡിക്കൽകോളേജിനെ സംബന്ധിച്ചാണ്. തൃശ്ശൂർ മെഡിക്കൽകോളേജ് ആശുപത്രിക്ക് 400 ബെഡ്ഡുള്ള വാർഡും ജെ.1, ജെ.2, ജെ.3 എന്നീ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും നിർമ്മിക്കുന്നതിനുവേണ്ടി 26 കോടി രൂപ അനുവദിച്ചതിൽ 90 ശതമാനത്തോളം പണി പൂർത്തീകരിച്ചു കിടക്കുകയാണ്. ബാക്കി വരുന്ന പണിക്ക് എ. എസ്. ലഭിക്കാത്തതിന്റെ ഭാഗമായി

അത് സ്തംഭനാവസ്ഥയിലാണ്. അടിയന്തരമായി ഇതിന്റെ പണി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, രണ്ട് ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ വർക്കിന് എ. എസ്. ലഭിച്ചില്ലെന്ന് പറഞ്ഞ് കുറേ നാളുകളായി അവിടെ പണി മുടങ്ങിപ്പോയി. ഇല്ലെങ്കിൽ 26 കോടി രൂപയുടെ ബ്ലോക്ക് രണ്ട് മാസം മുമ്പ് ഉദ്ഘാടനം ചെയ്യാനാകുമായിരുന്നു. ഇപ്പോൾ നമ്മൾ ശ്രദ്ധിക്കുന്നുണ്ട്. അത് സാധിക്കുമെന്ന് വിചാരിക്കുന്നു. പണി മുഴുവനും പൂർത്തിയായിട്ട് മാത്രമേ എല്ലാം ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്നുള്ളൂ.

ശ്രീ. വർക്കല കഹാർ : സർ, ശ്രീ. അൽഫോൺസ് കണ്ണന്താനം ഇപ്പോൾ ഇവിടെ പറഞ്ഞ പഞ്ചനക്ഷത്ര ഹോട്ടലിന് 2005-ൽ ശ്രീ. ഉമ്മൻ ചാണ്ടി തറക്കല്ലിട്ടതാണ്. അന്ന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്–ടെന്റർ ചെയ്ത് പണി ആരംഭിച്ചതാണ്. ഇപ്പോൾ അത് ഒ.പി.ബ്ലോക്കായി. അവിടെ എന്തൊക്കെ സൗകര്യമുണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇത് പഴയ ഇലയെടുത്തിട്ട് ഉണ്ണുന്നതല്ലേ ? അതോടൊപ്പം സെന്റർ ഓഫ് എക്സലൻസായി, തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ആൾഇന്ത്യ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവാരത്തിലുയർത്താൻവേണ്ടി അന്ന് പ്രൊപ്പോസൽ പോയിരുന്നു. ആ പ്രൊപ്പോസൽ ഇപ്പോൾ നിലവിലുണ്ടോ ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, ബഹുമാനപ്പെട്ട വർക്കല കഹാർ പറഞ്ഞത് ശരിയാണ്. 2005-ൽ ബഹുമാനപ്പെട്ട ഇന്നത്തെ പ്രതിപക്ഷ നേതാവാണ് അതിന് തറക്കല്ലിട്ടത്. അന്ന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് വേണമെന്ന നിലയിൽ അന്ന് ബഡ്ജറ്റിൽ ഉണ്ടായിരുന്നൊരു കാര്യമായിരുന്നു. നമ്മളെല്ലാം അന്ന് ഇവിടെ ഉണ്ടായിരുന്നതാണല്ലോ. ഈ സർക്കാർ വന്നതിനുശേഷം AIMS-നുവേണ്ടിത്തന്നെ ഒരു പ്രൊപ്പസലുണ്ടായിരുന്നു. പക്ഷേ അത് തരാൻ പറ്റില്ല, നിങ്ങൾക്ക് പ്രൈംമിനിസ്റ്ററുടെ പേരിൽ (പി.എം.എസ്.എസ്.വൈ) ഒരു പദ്ധതി തരാമെന്നുപറഞ്ഞു, അത് അംഗീകരിച്ചു. അത് 150 കോടി രൂപയുടെ പദ്ധതിയായിരുന്നു.....(തടസ്സം)..... ഇന്ത്യയിലെ മറ്റ് സ്റ്റേറ്റുകളിൽ "എയിംസ്" സ്റ്റാറ്റസ്സുള്ള കുറച്ച് സ്ഥാപനങ്ങൾക്ക് കൊടുത്തപ്പോൾ കേരളത്തിന് കിട്ടിയത് 150 കോടി രൂപയുടെ പദ്ധതിയാണ്. മറ്റേത് 450 കോടി രൂപയാണ്. 150 കോടി രൂപയുടെ പ്രോജക്ട് നമുക്ക് ലഭിക്കുകയും നമ്മളത് പൂർത്തീകരിക്കുകയും ജനങ്ങൾക്ക് സമർപ്പിക്കുകയും ചെയ്തു. വിവിധ സൂപ്പർ സ്പെഷ്യാലിറ്റികൾ, സെൻട്രലൈസ്ഡ് എ.സി., സെൻട്രലൈസ്ഡ് ലാബ്, ഏറ്റവും ആധുനികമായ സംവിധാനങ്ങൾ എല്ലാം അതിൽ വരും. കേരളത്തിലെ തിരുവനന്തപുരം മെഡിക്കൽ കോളേജ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയാണ്. ഇന്ന് ഏത് പ്രൈവറ്റ് ആശുപത്രിയിലുള്ളതിനെക്കാളും മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങളും സൗകര്യങ്ങളും അവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly